**പയാമെ ഇൻസാനിയത്ത്**

# മാനവികതയാണ് പരിഹാരം.!
# അക്രമങ്ങൾ വെടിയുക,
# മാനവികതയിലേക്ക് മടങ്ങുക.!

കാലിക പ്രസക്തമായ സുപ്രധാന സന്ദേശം.!
വിശ്വ പണ്ഡിതൻ മൗലാനാ അലീ മിയാൻ മനസ്സ് തുറന്ന് നടത്തിയ പ്രഭാഷണം.!!
മുഴുവൻ രാജ്യ സ്നേഹികൾക്കും ശക്തമായ ഉദ്ബോധനം.!!!
രാജ്യ നിർമ്മാണത്തേക്കാൾ കൂടുതലായി മാനവ നിർമ്മാണം നടത്തുക.!!!!
എല്ലാവരും വായിക്കുകയും ജാതിമത ഭേദമന്യേ മുഴുവൻ സഹോദരങ്ങൾക്കും എത്തിച്ചുകൊടുക്കുകയും പഠിക്കാനും പകർത്താനും പ്രചരിപ്പിക്കാനും പ്രേരിപ്പിക്കുകയും ചെയ്യുക.

**–അല്ലാമാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വി**


പ്രസാധനം
പയാമെ ഇൻസാനിയത്ത്, സയ്യിദ് ഹസനി അക്കാദമി
ദാറുൽഉലൂം
ഓച്ചിറ,കൊല്ലം

## പയാമെ ഇൻസാനിയ്യത്ത്
## (മാനവികതാ സന്ദേശം)

പടച്ചവനോടുള്ള സ്നേഹവും അടുപ്പവും ആദരവും ഉണ്ടാക്കിയെടുക്കാൻ പരിശ്രമിക്കുക. ഇന്ന് എല്ലാ വസ്തുക്കളുടെയും കടകളും കമ്പോളങ്ങളുമുണ്ട്. പക്ഷേ, മനസ്സിന്റെ ഈ മരുന്നും ആത്മാവിന്റെ ആഹാരവും എവിടെയും ലഭിക്കുന്നില്ല. ഒരു കവി പറയുന്നു: മനസ്സിൻറെ മരുന്ന് വിതരണം കടപൂട്ടി യാത്രയായി..!

പടച്ചവൻ നമുക്ക് നൽകിയ വീടുകളിലേക്ക് നോക്കുക. അവിടെ പടച്ചവന്റെ സ്മരണ വളരെ കുറഞ്ഞിരിക്കുന്നു. വാഹനങ്ങളിൽ മോശമായ സംസാരങ്ങളും കേൾവികളും വർദ്ധിച്ചിരിക്കുന്നു. എന്തിനേറെ, ഏറെ നല്ല കാര്യങ്ങളുടെ കേന്ദ്രമായ മസ്ജിദുകളിൽ പോലും പടച്ചവന്റെ സ്മരണ കുറഞ്ഞിരിക്കുന്നു. എല്ലാ സ്ഥലങ്ങളിലും വികാരങ്ങൾ കൊടികുത്തി വാഴുകയാണ്. അല്പം അവശേഷിച്ചിരുന്ന കുറവ് സിനിമ പൂർത്തീകരിക്കുകയും ചെയ്തു. സിനിമയിലൂടെ മൃഗീയ വികാരങ്ങൾ ആളിക്കത്തിക്കപ്പെടുകയും മനസ്സ് കൂടുതൽ അശാന്തമാകുകയും ചെയ്യുന്നു.

സഹോദരങ്ങളെ, ഇത്തരമൊരവസ്ഥയിൽ പടച്ചവന്റെ നല്ല ദാസന്മാർ എന്തുചെയ്യാനാണ്? അവരിൽ പലരും നിരാശപ്പെട്ടു മാറുകയോ കുറഞ്ഞപക്ഷം നിശബ്ദത പുലർത്തുകയോ ചെയ്യുന്നു. ഈ ഒരു അവസ്ഥയ്ക്ക് മാറ്റം ഉണ്ടാക്കൽ അത്യാവശ്യമാണ്. പണം സമ്പാദിക്കലും വയറു നിറക്കലും മാത്രമായിരുന്നു മനുഷ്യന്റെ ലക്ഷ്യമെങ്കിൽ പടച്ചവൻ മനുഷ്യന് അമൂല്യമായ മനസ്സും മസ്തിഷ്കവും നൽകിയത് എന്തിനാണ്? അമൂല്യവും സമുന്നതവുമായ ആത്മാവ് കനിഞ്ഞത് എന്തിനാണ്? അത്ഭുതകരവും അസാധാരണവുമായ യോഗ്യതകളും അനുഗ്രഹങ്ങളും മനുഷ്യന്റെ മേൽ വർഷിപ്പിച്ചത് എന്തിനാണ്?

മൗലാനാ സയ്യിദ് അബുൽ ഹസൻ അലി അന്നദ്‌വി

**Publishers**

payame insaniyathu
Sayyid Hasani Academy
Darul Uloom Islamiyya,
Oachira, Kollam, Kerala

# മാനവികതയാണ് പരിഹാരം.!
# അക്രമങ്ങൾ വെടിയുക,
# മാനവികതയിലേക്ക് മടങ്ങുക.!

മുൻഗാമികളായ മഹത്തുക്കളുടെ അതുല്യമായ ത്യാഗപരിശ്രമങ്ങളിലൂടെ ഈ രാജ്യം സ്വതന്ത്രമായി. ശേഷം ഈ രാജ്യത്ത് പലതരത്തിലുള്ള നിർമ്മിതികളും നടന്നുവെങ്കിലും അടിസ്ഥാനപരമായ മാനവ നിർമ്മാണം മാത്രം വേണ്ടത് പോലെ നടന്നില്ല. തദ്ഫലമായി രാജ്യത്ത് മനുഷ്യത്വ വിരുദ്ധമായ വർഗ്ഗീയതയും പരമത വിദ്വേഷവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നാമെല്ലാവരും അൽപം പിമ്പോട്ട് പോയാൽ ഒരു പിതാവിന്റെയും മാതാവിന്റെയും മക്കളാണ്. എല്ലാവരും ഈ രാജ്യത്തിന്റെ സന്താനങ്ങളും പരസ്പരം സഹോദരങ്ങളുമാണ്. പക്ഷെ, സാധാരണക്കാർ മാത്രമല്ല, മുതിർന്നവരും പ്രധാനികളും പോലും ഇക്കാര്യം ഉണരുന്നില്ല. ഇത് ഏറ്റവും കൂടുതൽ ഉണരുകയും ഉണർത്തുകയും ചെയ്യേണ്ട ആളുകളാണ് വിദ്യാസമ്പന്നരായ സഹോദരങ്ങൾ. വിശിഷ്യാ, രാജ്യത്തിന്റെ നന്മ-തിന്മകളുടെ ചാലക ശക്തിയായ മാധ്യമ-മീഡിയകളുമായി ബന്ധപ്പെട്ട പലരും ഇക്കാര്യം മറക്കുക മാത്രമല്ല അവഗണിക്കുകയും ഇതിനെതിരായി നീങ്ങുകയും ചെയ്യുന്നത് അങ്ങേയറ്റം അപകടകരമാണ്.

രാജ്യത്തിന്റെ യഥാർത്ഥ അവസ്ഥയും ആവശ്യങ്ങളും വിസ്മരിക്കുകയും വർഗ്ഗീയത മാത്രം ലക്ഷ്യം വെച്ച് ഓരോ വാക്കുകളും എഴുതുകയും പറയുകയും ചെയ്യുന്ന ഒരു അവസ്ഥാവിശേഷം വ്യാപകമായിരിക്കുന്നു. സ്വന്തം ആളുകളുടെ മാത്രമല്ല പൊതുജനങ്ങളുടെ കാര്യങ്ങൾ കൂടി മറക്കുകയും മറച്ച് വെയ്ക്കുകയും ചെയ്യുന്ന ഇവർ, എതിരാളികളുടെ നന്മകളെയും നിർബന്ധിതാവസ്ഥകളെയും പോലും വലിയ വിഷയമാക്കുകയും വിഷമയമാക്കുകയും എരിവും പുളിയും ചേർത്ത് അസത്യങ്ങളെയും അർധ സത്യങ്ങളെയും വലിയ സത്യം പോലെ അവതരിപ്പിക്കുകയും ചെയ്യുന്നു. ഇതിലൂടെ ജനങ്ങളെ മുഴുവൻ നിരപരാധികൾക്കെതിരിൽ തിരിച്ച് വിടുന്നു. അങ്ങനെ വർഗ്ഗീയതയുള്ളവർ മാത്രമല്ല, വർഗ്ഗീയത ഇല്ലാത്തവരും ഈ വിഷബാധയേറ്റ് അക്രമങ്ങൾ

കാണിക്കുന്നു. രാജ്യത്ത് ഇത്തരം അവസ്ഥ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഒരിക്കലും ഇത് രാജ്യത്തിന്റെ നന്മയല്ല. മറിച്ച് മഹാനാശത്തിലേക്കുള്ള മരണപ്പാച്ചിൽ മാത്രമാണ്.

പ്രചണ്ഡമായ പ്രചാരണങ്ങളുടെ പേരിൽ ധാരാളം സാധുക്കൾ വിവിധ സ്ഥലങ്ങളിൽ നിന്ദിക്കപ്പെടുകയും പരിഹസിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈയൊരു അവസ്ഥ ഏതെങ്കിലും ഒരു സംഘടനയ്ക്കോ സമുദായത്തിനോ മാത്രമല്ല, രാജ്യത്തിന് മുഴുവനും അത്യന്തം അപകടകരമാണെന്നും എല്ലാവരും ഉണരേണ്ടിയിരിക്കുന്നു. അറിയുക, അക്രമങ്ങളും അപരാധനങ്ങളും അപവാദങ്ങളും നുണക്കഥകളും കൊണ്ട് ഒരു പത്രവും ചാനലും സംഘടനയും പാർട്ടിയും സമുദായവും വ്യക്തിയും ഒന്നും യഥാർത്ഥത്തിൽ വളരുന്നതല്ല. അക്രമങ്ങളിലൂടെ അക്രമങ്ങൾ വളരുകയും അവസാനം സർവ്വനാശമായി പരിണമിക്കുകയും ചെയ്യുന്നതാണ്.

രാജ്യത്തിന്റെ അപകടകരമായ ഈ ദുഃസ്ഥിതിയാണ് വിശ്വപണ്ഡിതൻ കൂടിയായ മൗലാനാ അലീ മിയാൻ വർഷങ്ങൾക്ക് മുമ്പ് പൗഢമായ ഈ പ്രഭാഷണത്തിലൂടെ തുറന്ന് കാട്ടുന്നത്. എഴുത്തും വായനയും പഠിച്ചവർക്ക് വർഗ്ഗീയതയുടെയും സങ്കുചിതത്വത്തിന്റെയും ഭ്രാന്തിളകിയാൽ രാജ്യം മുഴുവൻ മഹാ നാശമായിരിക്കുമെന്ന് മൗലാനാ ഉണർത്തുന്നു. ഇന്ന് തൂലികയ്ക്കും പ്രഭാഷണത്തിനും പോലും വർഗ്ഗീയതയുടെ മഹാമാരി പിടികൂടിയിരിക്കുന്നുവെന്ന് മൗലാനാ സൂചിപ്പിക്കുന്നു. മനുഷ്യത്വം വളരാതെയും സഹോദരങ്ങളെ സഹോദരങ്ങളായി കാണാതെയും രാജ്യം ബാഹ്യമായി എത്ര പുരോഗതി പ്രാപിച്ചാലും അത് അധോഗതി മാത്രമായിരിക്കുമെന്ന് പ്രസ്താവിക്കുന്നു. ഇത് എല്ലാവരും വായിക്കേണ്ട ഒരു പ്രഭാഷണമാണ്. എല്ലാ മാധ്യമ പ്രവർത്തകരും സോഷ്യൽ മീഡിയ വക്താക്കളും മനസ്സിരുത്തി പഠിക്കേണ്ടത് തന്നെയാണ്. ഇതിലെ ഓരോ വാചകങ്ങളും വലിയ സന്ദേശങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു.

ഇവിടെ മറ്റ് ചില കാര്യങ്ങൾ കൂടി ഉണർത്തുകയാണ്. ആരെങ്കിലും വർഗ്ഗീയത പുലർത്തുന്നത് വലിയ പാപമാണ്. എന്നാൽ വർഗ്ഗീയത ഇളക്കി വിടുന്നതും പ്രേരിപ്പിക്കുന്നതും ഇതിനെക്കാളെല്ലാം കടുത്ത അക്രമമാണ്. വർഗ്ഗീയത കലർന്ന പ്രഭാഷണങ്ങളും റിപ്പോർട്ടുകളും മീഡിയാ പ്രവർത്തനങ്ങളും രാഷ്ട്രീയ പോരാട്ടങ്ങളും നടത്തുന്നവർ ഈ കടുത്ത അക്രമം കൂടിയാണ് നടത്തുന്നത്. മറ്റൊരു കാര്യം, അക്രമം പാതകമായത് പോലെ അക്രമത്തെ മനസ്സിലാക്കിയിട്ടും എതിർക്കാതിരിക്കുന്നതും തടയാതിരിക്കുന്നതും വലിയ അക്രമം തന്നെയാണ്.

അരുത് എന്നും മാനിഷാദ എന്നും ആത്മാർത്ഥതയോടെ പറയുന്നതിന് വലിയ ശക്തിയുണ്ട്. ആകയാൽ വർഗ്ഗീയതയുടെ അക്രമം തിരുത്താനു ള്ള വഴി ജനങ്ങൾ അതിനെതിരിൽ തിരിയലാണ്. വേറൊരു കാര്യം, വർഗ്ഗീയതയുടെ അക്രമങ്ങൾ കാണുമ്പോൾ മറുപക്ഷവും വർഗ്ഗീയത യുടെ അക്രമങ്ങൾ കാട്ടാൻ സാധ്യതയുണ്ട്. വിശിഷ്യാ, സോഷ്യൽ മീഡിയകളിലും ചാനലുകളുടെ പ്രതികരണങ്ങളിലും ഇത് കാണപ്പെടു ന്നു. ഇതും ശക്തിയുക്തം എതിർക്കപ്പെടേണ്ടത് തന്നെയാണ്. വർഗ്ഗീ യതയുടെ മറുപടി വർഗ്ഗീയതയിലൂടെയല്ല, മാനവികതയിലൂടെയാണ്. വർഗ്ഗീയതയുടെ തീക്കനലുകൾ മാനവികതയുടെ തീർത്ഥജലം കൊണ്ട് മാത്രമേ അണയ്ക്കാൻ സാധിക്കുകയുള്ളൂ.

എന്താണെങ്കിലും നടന്നതെല്ലാം നടന്നു. നാമെല്ലാവരും തെറ്റുകൾ തിരുത്തി മാനവികതയിലേക്ക് മടങ്ങുകയാണെങ്കിൽ അത് പഴയ വീ ഴ്ചകൾക്ക് പരിഹാരമാകും. നന്മയുടെ ഭൗതികവും ബാഹ്യവുമായ ഒരു പരിശ്രമങ്ങളെയും നാം നിസ്സാരപ്പെടുത്തുന്നില്ല. എന്നാൽ മാനവികത ഉണ്ടാക്കുന്നതിന് പരിശ്രമിക്കേണ്ടത് നമ്മുടെയും രാജ്യത്തിന്റെയും പ്ര ഥമവും പ്രധാനവുമായ ഒരു ആവശ്യമാണ്. ഇതിന് വേണ്ടി വർഷങ്ങൾ ക്ക് മുമ്പ് മൗലാനാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വി ആരംഭിച്ച മഹത്തരമായ പ്രവർത്തനമാണ് പയാമെ ഇൻസാനിയത്ത്. മാനവിക തയുടെ സന്ദേശങ്ങൾ പ്രചരിപ്പിക്കലും കഴിയുന്നത്ര സേവന-സഹായ ങ്ങൾ നടത്തലുമാണ് ഇതിന്റെ ലക്ഷ്യം. ഈ വിഷയത്തിൽ മൗലാനാ നടത്തിയ ഈ ഉജ്ജ്വല പ്രഭാഷണത്തിലൂടെ ഇതിന്റെ സന്ദേശങ്ങൾ നമുക്ക് പറഞ്ഞ് തരികയാണ്. മാന്യ അനുവാചകർ ഇത് വായിക്കു കയും ജാതി-മത വ്യത്യാസമില്ലാതെ സർവ്വ ജനങ്ങൾക്കും എത്തിച്ച് കൊടുക്കുകയും ഇതിനെ കുറിച്ചുള്ള നിർമ്മാണാത്മക അഭിപ്രായങ്ങൾ ഞങ്ങൾക്ക് എത്തിച്ച് തരികയും ചെയ്യുക. കൂട്ടത്തിൽ കഴിവിന്റെ പരമാവധി സേവന-സഹായങ്ങൾ സജീവമാക്കുകയും അതിലേക്ക് ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുക. പടച്ചവൻ അനുഗ്രഹിക്കട്ടെ.! എല്ലാവരുടെയും വിലയേറിയ അഭിപ്രായങ്ങളും സഹകരണങ്ങളും പ്രതീക്ഷിച്ചുകൊണ്ട്,


- അബ്ദുശ്ശകൂർ ഖാസിമി

+919847502729

പയാമെ ഇൻസാനിയത്ത് (മെസ്സേജ് ഓഫ് ഹുമാനിറ്റി)

ദാറുൽ ഉലൂം. ഓച്ചിറ, കൊല്ലം.

# അക്രമങ്ങൾ വെടിയുക,
# മാനവികതയിലേക്ക് മടങ്ങുക.!

നമ്മുടെ നാട് പൂന്തോട്ടങ്ങളുടെ നാടാണ്. ഗവൺമെന്റ് ധാരാളം തോട്ടങ്ങൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുന്നുണ്ട്. സമ്പന്നരായ ആളുകൾ തോട്ടങ്ങളുണ്ടാക്കാറുണ്ട്. സാധുക്കൾക്ക് വലിയ തോട്ടങ്ങൾ സ്ഥാപിക്കാൻ കഴിവില്ലെങ്കിലും വീട്ടിലും മുറ്റത്തും സാധിക്കുന്ന സ്ഥലങ്ങളിൽ ചെടികൾ നട്ടിപിടിക്കുന്നവരാണ്. കാരണം, എല്ലാവരും പുഷ്പങ്ങളെ സ്നേഹിക്കുന്നു. പുഷ്പങ്ങൾ വിടർന്ന് നിൽക്കുന്നത് കാണുന്നത് തന്നെ മനസ്സിന് വലിയ സമാധാനവും പ്രതീക്ഷയും പകരുന്നു. എന്നാൽ ഇത്തരം തോട്ടങ്ങളെക്കാളെല്ലാം വളരെ ഹൃദ്യവും മനോഹരവുമാണ് ഈ സദസ്സാകുന്ന തോട്ടം. വ്യത്യസ്ത മതവിഭാഗങ്ങളിൽപ്പെട്ട നിങ്ങൾ ഓരോരുത്തരെയും കാണുമ്പോൾ പൂന്തോട്ടത്തെക്കാളും വലിയ സന്തോഷവും ആഹ്ലാദവും അനുഭവപ്പെടുന്നു. നിങ്ങളുടെ മഹത്വം വസ്ത്രത്തിന്റെ നിറങ്ങളോ മറ്റിതര ഭംഗിയോ അല്ല. മറിച്ച് വ്യത്യസ്ത മേഖലകളുമായി ബന്ധപ്പെട്ട നിങ്ങൾ ഓരോരുത്തരും മാനവികതയുടെ മഹത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ ഒരുമിച്ച് കൂടിയിരിക്കുന്നത്. ഇത് കാണുമ്പോൾ സന്തോഷത്തോടൊപ്പം എന്റെ മനസ്സിന് വലിയ കരുത്തും വന്നുകൊണ്ടിരിക്കുന്നു. നിങ്ങളിൽ പലർക്കും യാതൊരു പരിചയവുമില്ലാത്ത, ഭൗതിക രാഷ്ട്രീയ മേഖലകളിൽ വലിയ സ്വാധീനമൊന്നുമില്ലാത്ത, പാവപ്പെട്ട അറബി മദ്റസയുമായി മാത്രം ബന്ധമുള്ള ഒരു അതിഥിയുടെ ക്ഷണം സ്വീകരിച്ചാണ് നിങ്ങൾ ഇവിടെ വന്നിരിക്കുന്നത്. തീർച്ചയായും മാനവികതയുടെ പേരിലുള്ള നിങ്ങളുടെ ഈ വരവ് ഈ രാജ്യത്തിന് തന്നെ മുതൽക്കൂട്ടാണെന്നും നിങ്ങളെപ്പോലുള്ളവർ ഈ രാജ്യത്ത് ഉണ്ടായിരിക്കുന്ന കാലത്തോളം ഈ രാജ്യം നശിക്കുന്നതല്ലായെന്നും ഞാൻ ആദ്യമായി പറഞ്ഞുകൊള്ളട്ടെ.!

**രണ്ട് വഴികൾ.!**

ഈ ലോകത്ത് നമുക്ക് ജീവിക്കാൻ രണ്ട് വഴികളുണ്ട്. ഒരു വഴി, സ്നേഹത്തിന്റെയും ആത്മാർത്ഥതയുടെയും പരസ്പര വിശ്വാസത്തിന്റെയും സഹാനുഭൂതിയുടെയും സദ്ഭാവനയുടെയും മാർഗ്ഗമാണ്. മറ്റൊരു വഴി, വെറുപ്പിന്റെയും ദുരുദ്ദേശത്തിന്റെയും തെറ്റിദ്ധാരണയുടെയും പ്രതികാര ദാഹത്തിന്റെയും സ്വാർത്ഥതയുടെയും പാതയാണ്. ലക്ഷക്കണക്കിന് വർഷങ്ങളായി ഈ ലോകം നിലനിൽക്കുകയും ഈ രണ്ട് വഴികൾ പരീക്ഷിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ രണ്ട് മാർഗ്ഗങ്ങളിലൂടെ സഞ്ചരിച്ചവരുടെ വിവരങ്ങളും ഇരുകൂട്ടരുടെയും പരിണിത ഫലങ്ങളും ചരിത്രത്തിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. പക്ഷെ, രണ്ടാമത്തെ മാർഗ്ഗത്തിലൂടെ സഞ്ചരിച്ചവരുടെ കഥാകഥനങ്ങളാണ് കൂടുതലുമുള്ളത്. ഒന്നാമത്തെ വഴിയിലൂടെ സഞ്ചരിച്ച മഹത്തുക്കൾ ചരിത്രത്തിൽ അല്പം മാത്രമേ സ്മരിക്കപ്പെട്ടിട്ടുള്ളൂ എന്നത് ചരിത്രത്തിന്റെ ഒരു നഗ്ന സത്യമാണ്.

മാനവ ചരിത്രം രാജാക്കന്മാരുടെയും ഭരണാധികാരികളുടെയും ശക്തന്മാരുടെയും ചരിത്രങ്ങൾ വിവരിക്കുന്നുണ്ട്. ആഞ്ഞടിക്കുന്ന കൊടുങ്കാറ്റും ഇളകി വരുന്ന തിരമാലയും പോലെ ലോകം മുഴുവനും പരക്കുകയും പല പ്രദേശങ്ങളും തകർക്കുകയും ചെയ്ത ധാരാളം ആളുകളുണ്ട്. അവർ നിന്നതും ഇരുന്നതും തിന്നതും കുടിച്ചതും എല്ലാം വിവരിക്കപ്പെട്ടിട്ടുണ്ട്.

എന്നാൽ നിഷ്കളങ്കതയുടെയും മാനവ സ്നേഹത്തിന്റെയും പരോപകാരത്തിന്റെയും മാർഗ്ഗത്തിലൂടെ സഞ്ചരിച്ച മഹത്തുക്കളെ കുറിച്ചുള്ള അനുസ്മരണം ചരിത്രത്തിൽ തുലോം കുറവാണ്. എങ്കിലും ചരിത്രം നല്ലനിലയിൽ പഠിക്കുന്നവർക്ക് അവരെയും ധാരാളമായി കാണാൻ കഴിയുന്നതാണ്.

ആകയാൽ ഈ രണ്ട് മാർഗ്ഗങ്ങളിലൂടെ സഞ്ചരിച്ചവരെ കുറിച്ച് അവരുടെ പരിണിത ഫലങ്ങളെ സംബന്ധിച്ചും നിങ്ങൾ നന്നായി പഠിക്കണമെന്നാണ് എനിക്ക് ആദ്യമായി അപേക്ഷിക്കാനുള്ളത്. ദുരുദ്ദേശത്തോടെ തെറ്റായ വഴിയിൽ സഞ്ചരിച്ചവർ, ലോകത്തിന് ഗൂഢാലോചന നടത്താനും കാപട്യം കാട്ടാനും അസഭ്യങ്ങൾ പറയാനും നിലയ്ക്കാത്ത വഴക്കുകളും യുദ്ധങ്ങളും ആരംഭിക്കാനും പഠിപ്പിച്ചു. എന്റെ ഇഷ്ടം മാത്രം നടക്കണം, ഞാൻ പറയുന്നത് എല്ലാവരും കേൾക്കണം, എന്നെക്കാളും ശക്തിയുള്ള ആരും ഉണ്ടാകരുതെന്നും

നിർബന്ധം പിടിച്ചു. അവരുടെ പക്കൽ ആയുധങ്ങളുടെയും സൈന്യങ്ങളുടെയും സമ്പത്തിന്റെയും സ്ഥാന-മാനങ്ങളുടെയും പലതരം ശക്തികൾ അവരുടെ പക്കലുണ്ടായിരുന്നു. പക്ഷെ, അവരുടെ ആളുകളുടെ കാര്യമിരിക്കട്ടെ, അവർക്ക് പോലും രാത്രിയിൽ സമാധാനത്തോടെ ഉറങ്ങാൻ പോലും കഴിഞ്ഞിട്ടില്ല. ചരിത്രങ്ങളുടെ വെളിച്ചത്തിൽ ഞാൻ പറയട്ടെ, അവരിൽ പലരും കാല് നീട്ടിവെച്ച് ഉറങ്ങിയിട്ടുപോലുമില്ല. അവർക്ക് സ്വന്തം ഇണകളെയും മക്കളെയും കുടുംബത്തെയും മന്ത്രിമാരെയും നേതാക്കളെയും പാവപ്പെട്ടവരെയും പണക്കാരെയും പേടിയായിരുന്നു. ഓരോരുത്തരെയും അവർ സംശയത്തോടെ നോക്കുകയും തെറ്റിദ്ധരിച്ച് കഴിയുകയും ചെയ്തിരുന്നു. ഇത് തന്നെ വലിയൊരു ശിക്ഷയല്ലേ.? നാം കൂടിയിരിക്കുമ്പോൾ നിങ്ങൾ എന്നെയും, ഞാൻ നിങ്ങളെയും സംശയത്തോടെ വീക്ഷിക്കുന്നത് എന്തൊരു നാശമാണ്.? പിതാവിന് മകനെയും, മകന് പിതാവിനെയും വിശ്വാസമില്ലാതിരിക്കുന്നത് എത്ര വലിയ ശാപമാണ്. ഇത്തരമൊരു ജീവിതത്തിന് വല്ല രസവുമുണ്ടോ.?

### ഇതാണോ ജീവിതം.?

വിനീതൻ രാജ്യങ്ങളുടെയും സ്ഥലങ്ങളുടെയും പേര് പറയുന്നില്ല. എനിക്ക് തെരഞ്ഞെടുപ്പ് രാഷ്ട്രീയവുമായി ഒരു ബന്ധവുമില്ല. ആരെയും വിശ്വസിക്കാത്ത ധാരാളം നാടുകളും നേതാക്കളും വ്യക്തികളും മുമ്പുമുണ്ടായിരുന്നു. എന്നാൽ അത് ഇന്ന് വളരെയധികം അധികരിച്ചിരിക്കുന്നു എന്ന് പറയുന്നതിൽ വലിയ ദുഃഖമുണ്ട്. സദാസമയവും ചെവി ഭിത്തിയോട് ചേർത്ത് പിടിക്കുന്നവർ എന്നൊരു പഴമൊഴി ഫാരിസ് ഭാഷയിലുണ്ട്. അതിന്റെ ചിത്രം മുമ്പ് കണ്ടിട്ടില്ലെങ്കിലും ഇന്ന് ധാരാളമായി കാണുന്നുണ്ട്. ഇത്തരം ആളുകൾ സ്വന്തം സഹോദരനോട് മനസ്സിനുള്ളിലെ കാര്യങ്ങൾ തുറന്ന് സംസാരിക്കാറില്ല. എന്തെങ്കിലും പറയുമ്പോൾ ആരെങ്കിലും കേൾക്കുന്നോ എന്ന് നാല് ഭാഗത്തേക്കും നോക്കിക്കൊണ്ടിരിക്കും. കുട്ടികൾ പോലും കേൾക്കാതിരിക്കാൻ ശ്രദ്ധിക്കും. എന്നിട്ടും രഹസ്യങ്ങൾ പരസ്യമാകുന്നു എന്നത് വേറെ കാര്യം. അതീവ രഹസ്യമായി നടത്തുന്ന കാര്യങ്ങൾ ആളുകൾ റിക്കാർഡ് ചെയ്യുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു.

ലോകം മുഴുവൻ പ്രശ്നങ്ങളാണ്. ഏത് സമയത്തും വിപ്ലവ

ങ്ങൾ അരങ്ങേറിക്കൊണ്ടിരിക്കുന്നു. രാത്രി എഴുന്നേൽക്കുമ്പോൾ ഒരു അവസ്ഥ, രാവിലെ എഴുന്നേൽക്കുമ്പോൾ മറ്റരവസ്ഥ.! ഇന്ന ഭരണം അധികാരമേറ്റെടുത്തു, അവർ രാജി വെച്ചു എന്ന വാർത്തകൾ നിരന്തരം കേട്ടുകൊണ്ടിരിക്കുന്നു. തെരഞ്ഞെടുപ്പുകളിലും പലതരം കളികൾ നടക്കുന്നു. ആരും ആരെയും സഹിക്കാൻ തയ്യാറല്ല. സംഘടനകളും പാർട്ടികളും നിരന്തരം പോരാട്ടത്തിലാണ്. കൈയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന നില പടർന്നിരിക്കുന്നു. ഇതാണോ ജീവിതം.? ജീവിതമെന്നാൽ ഗുസ്തിയുടെയും പിടിവലിയുടെയും പേരാണോ.?

ഏതാനും വർഷം മുൻപ് അമേരിക്കയിൽ പോകാൻ കഴിഞ്ഞു. വാഷിംഗ്ടണ്ണിലെ ഇസ്ലാമിക് സെന്ററിൽ ഒരു പരിപാടിയുണ്ടായിരുന്നു. സത്യം പറയട്ടെ, അമേരിക്കയിൽ പോയി ചില കാര്യങ്ങൾ പറയണമെന്ന് എനിക്ക് വല്ലാത്ത ആഗ്രഹമുണ്ടായിരുന്നു. പടച്ചവൻ എന്നെ അവിടെ എത്തിച്ചു. അമേരിക്കൻ പ്രസിഡന്റ് എന്റെ കാര്യം കേൾക്കില്ലെന്ന് എനിക്കറിയാം. അദ്ദേഹം ഉയർന്ന ഒരു സ്ഥാനത്താണല്ലോ.? എങ്കിലും എന്റെ മനസ്സിലുണ്ടായിരുന്ന കാര്യം അവിടെ പറയാൻ സാധിച്ചു. അത് ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. അവിടെ വൈറ്റ് ഹൗസിന്റെ ഭിത്തിയുടെ കീഴിലിരുന്ന് പറഞ്ഞ ചില കാര്യങ്ങൾ ഇവിടെയും ഉദ്ധരിക്കട്ടെ:

### സദുദ്ദേശം സ്വീകരിക്കുക, സ്വാർത്ഥത വെടിയുക.!

ഈ രാജ്യം ധാരാളം രാജ്യങ്ങൾക്ക് ആഹാരം കൊടുക്കുകയും ആയുധം നൽകുകയും ശത്രുക്കളിൽ നിന്നും സംരക്ഷിക്കുകയും ചെയ്യുന്ന രാജ്യമാണ്. പക്ഷെ, ഈ രാജ്യത്തിന് ഒരു ആത്മാർത്ഥ സുഹൃത്തും ഇല്ല എന്നത് ഒരു നഗ്ന സത്യമാണ്. കാരണം ഉദ്ദേശ ശുദ്ധി നഷ്ടപ്പെട്ടു. പടച്ചവനെ സ്നേഹിച്ചുകൊണ്ടും മർദ്ദിതരെ സഹായിക്കാനും മർദ്ദകരെ പിടിച്ചുകെട്ടാനും വേണ്ടിയല്ല കാര്യങ്ങൾ ചെയ്യുന്നത്. ധാർമ്മിക ബോധമോ ശക്തിയുടെയും സമ്പത്തിന്റെയും ബാധ്യത നിർവ്വഹിക്കണമെന്ന ചിന്തയോ ഇതിന് പിന്നിലില്ല. മറിച്ച് ഐക്യരാഷ്ട്ര സഭയിൽ വോട്ട് പിടിക്കണം, എതിരാളികളെ തോൽപ്പിക്കണം, ലോകത്തെ വൻശക്തിയായി നിലനിൽക്കണം എന്നായിരിന്നു ആഗ്രഹം. തദ്ഫലമായി ഈ രാജ്യത്തിന് ആത്മാർത്ഥ സ്നേഹിതർ ആരുമില്ല. അറേബ്യൻ രാഷ്ട്രങ്ങളും മദ്ധ്യപൂർവ്വ

ഏഷ്യയിലെ രാജ്യങ്ങളും പൗരസ്ത്യ ദേശങ്ങളും ബാഹ്യമായി സ്നേഹാദരങ്ങൾ പ്രകടിപ്പിച്ച് ഈ രാജ്യത്തെ വഞ്ചിക്കുകയാണ്. ഇതിന്റെ കുറ്റം അവരുടെത് മാത്രമല്ല, ഈ രാജ്യത്തിന്റെത് കൂടിയാണ്. ഇവിടെ സദുദ്ദേശം നഷ്ടപ്പെടുകയും സ്വാർത്ഥത വളരുകയും ചെയ്തിരിക്കുന്നു. ആകയാൽ സദുദ്ദേശം സ്വീകരിക്കുകയും സ്വർത്ഥത വെടിയുകയും ചെയ്യുക എന്നതാണ് ഇതിന്റെ പരിഹാരം.

**സ്വാർത്ഥത: പല വിഭാഗങ്ങൾ.**

സ്വാർത്ഥത പല തരത്തിലുണ്ട്. വിവരം കുറഞ്ഞ സാധാരണക്കാരന്റെ സ്വാർത്ഥത അദ്ദേഹത്തിന്റെ അവസ്ഥയ്ക്കനുസരിച്ചുള്ളതാണ്. രാഷ്ട്രീയക്കാരന്റെയും രാഷ്ട്രീയ പാർട്ടിയുടെയും ജനാധിപത്യത്തിന്റെയും വൻശക്തികളുടെയും സ്വാർത്ഥതകൾ അതിനനുസരിച്ചുള്ളതായിരിക്കും. ഈ സ്വാർത്ഥതകളെല്ലാം നാം വെടിയാൻ തയ്യാറാകുക

**ആത്മാർത്ഥതയുടെ ചക്രം കറങ്ങുന്നു.**

എന്നാൽ ആത്മാർത്ഥതയുടെ നിറവും മണവും എന്നും ഒന്ന് തന്നെയാണ്. രണ്ടായിരം വർഷങ്ങൾക്ക് മുമ്പുള്ള ഈസാ നബി (അ) യുടെ ഉദ്ദേശ ശുദ്ധി തന്നെയാണ് ഇന്നും ഉദ്ദേശശുദ്ധി മുറുകെ പിടിച്ചവരുടെ അവസ്ഥ. കൂടാതെ സദുദ്ദേശത്തിന്റെ സുഗന്ധം കാലാകാലം നില നിൽക്കുന്നതുമാണ്. അതെ,സദുദ്ദേശം നിലയ്ക്കാതെ കറങ്ങുന്ന അനുഗ്രഹീത ചക്രമാണ്. ആദം നബി മുതലുള്ള പ്രവാചകന്മാർ നൂഹ് നബി, ഇബ്റാഹീം നബി തുടങ്ങി മുഹമ്മദുർ റസൂലുല്ലാഹ് (സ്വ) വരെയുള്ള എല്ലാ പ്രവാചകന്മാരും സദുദ്ദേശം നിലനിർത്തുകയും പഠിപ്പിക്കുകയും ചെയ്തവരാണ്. അവർ ലോകത്തെ നിഷ്കളങ്കമായി സേവിച്ചു. മുഴുവൻ ജനങ്ങൾക്കും സ്നേഹത്തിന്റെ സന്ദേശം പകർന്നു. അവർ ലോകത്തിന് കൊടുത്തതേയുള്ളൂ. ഒന്നും എടുത്തില്ല. തദ്ഫലമായി സഹസ്രാബ്ദങ്ങൾ കഴിഞ്ഞിട്ടും അവരുടെ നാമവും ജീവിതവും സന്ദേശവും നിലനിൽക്കുന്നു. അവരെ ജനങ്ങൾ സ്നേഹിച്ചാദരിക്കുന്നു. അവരുടെ മാർഗ്ഗം പൂർണ്ണമായി സ്വീകരിക്കാത്തവർ പോലും അവരെ ആദരിക്കുന്നു. കാരണം അവരുടെ പ്രവർത്തനങ്ങൾ നിഷ്കളങ്കവും സദുദ്ദേശത്തോട് കൂടിയതുമായിരുന്നു.

ചുരുക്കത്തിൽ, നമ്മുടെ മുന്നിൽ രണ്ട് വഴികളാണുള്ളത്. ഒന്ന്, സ്വാർത്ഥതയുടെയും ദുരുദ്ദേശങ്ങളുടെയും മാർഗ്ഗം. അക്രമികളായ

ഭരണാധികാരികൾ രാഷ്ട്രീയ നേതാക്കന്മാരും ശക്തിയും ശേഷിയു മുള്ളവരും ഈ മാർഗ്ഗത്തിലൂടെയാണ് സഞ്ചരിച്ചിട്ടുള്ളത്. രണ്ട്, സ്നേഹത്തിന്റെയും മാപ്പിന്റെയും നിസ്വാർത്ഥതയുടെയും ഉദ്ദേശ ശുദ്ധിയുടെയും മാർഗ്ഗം. ഇത് മഹാത്മാക്കളുടെ മാർഗ്ഗമാണ്. ഇന്നും സൂര്യനെ പോലെ അവരുടെ സ്മരണ ജ്വലിച്ച് നിൽക്കുന്നു. കാലഘട്ടം ധാരാളം മാറുകയും വിപ്ലവങ്ങൾ നടക്കുകയും വലിയ പുരോഗതികൾ സംഭവിക്കുകയും ചെയ്തിട്ടും അവരുടെ നക്ഷത്രം ഉയർന്ന് തന്നെ നിൽക്കുന്നു. അവരുടെ അന്തസ്സിനും പ്രസിദ്ധിക്കും സ്വീകാര്യതയ്ക്കും യാതൊരു കോട്ടവും വന്നിട്ടില്ല. ഒന്നാമത്തെ മാർഗ്ഗം, അക്രമത്തെ അക്രമം കൊണ്ടും അന്ധമായ വെറുപ്പിനെ അന്ധമായ വെറുപ്പ് കൊണ്ടും നേരിടുന്നതാണ്. രണ്ടാമത്തെ മാർഗ്ഗം, വെറു പ്പിനെ സ്നേഹം കൊണ്ടും വർഗ്ഗീയതയെ മാനവികത കൊണ്ടും തിരുത്തുന്നതാണ്. ഒന്നാമത്തെത്, ഭൗതിക വാദികളായ നേതാക്ക ളുടെയും അനുയായികളുടെയും വഴിയും രണ്ടാമത്തെത്, പടച്ചവന്റെ പ്രവാചകന്മാരുടെയും അവരുടെ പിൻഗാമികളുടെയും വഴിയുമാണ്.

**ശത്രുത പുലർത്തുന്നവരോട് സുഹൃദ് ബന്ധം സ്ഥാപിക്കുക.!**

ഇത്തരം കാര്യങ്ങളെ കുറിച്ച് പറയുമ്പോൾ ഇത് ലോകത്ത് നട ന്നിട്ടില്ലാത്തതും നമ്മുടെ നാട്ടിൽ നടക്കാത്തതുമായ കാര്യമാണെന്ന് ചിലർക്കെങ്കിലും ചിന്തയുണ്ടായേക്കാം. എന്നാൽ എല്ലാ കാലത്തും ഈ രണ്ടാമത്തെ മാർഗ്ഗത്തിൽ മഹത്തുക്കൾ സഞ്ചരിച്ചിട്ടുണ്ട്. പ്ര ത്യേകിച്ചും ഇന്ത്യാ മഹാരാജ്യം ഇത്തരം മഹാത്മാക്കളെ കൊണ്ട് സമ്പന്നമായ നാടാണെന്ന് പറയുന്നതിൽ എനിക്ക് അഭിമാനമുണ്ട്. അവർ ഓരോരുത്തരുടെയും ജീവിതവും സന്ദേശവും നമുക്ക് ഇന്നും ആവേശദായകവും മാർഗ്ഗ ദർശനവുമാണ്. ഉദാഹരണത്തിന്, ഇന്ത്യ കണ്ട ഒരു മഹാ പുരുഷനാണ് ഹസ്രത്ത് നിസാമുദ്ദീൻ ഔലിയ. മഹാനരുടെ ജീവിത സന്ദേശം തന്നെ ശത്രുത പുലർത്തുന്നവരോട് സുഹൃദ് ബന്ധം സ്ഥാപിക്കുക എന്നതായിരുന്നു. ഒരിക്കൽ പറഞ്ഞു: നേരെ നടക്കുന്നവരോട് നേരെയും, വളഞ്ഞ് നടക്കുന്നവരോടും വളഞ്ഞും നടക്കുക എന്നാണ് ലോകം പറയുന്നത്. പക്ഷെ, ഞാൻ ഉറക്കെ പറയുന്നു: നേരെ നടക്കുന്നവരോടും വളഞ്ഞ് നടക്കുന്ന വരോടും നേരെ തന്നെ നടക്കുക.! മഹാനവർകൾ ഒരു ഉദാഹര ണം പറയുന്നു: ഒരിടത്ത് കുറച്ച് മുള്ളുകൾ കിടക്കുന്നു. നിങ്ങളും

അതിന്റെ മുകളിലേക്ക് കുറെ മുള്ളുകൾ എടുത്തിട്ടാൽ അവിടെ മുള്ളുകളുടെ കൂമ്പാരമാകും. എന്നാൽ നിങ്ങൾ അവിടെ ധാരാളമായി പുഷ്പങ്ങൾ കൊണ്ടിടുക. അത് സുഗന്ധം പരത്തുന്നതും അവിടെ പൂങ്കാവനം നിലവിൽ വരുന്നതുമാണ്.!

ഇത്തരം മഹത്തുക്കളോട് പലരും മോശമായി വർത്തിച്ചിരുന്നു. അവർ ഉപദ്രവിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്തിരുന്നു. ചിലർ അവരെ ദ്രോഹിക്കാൻ മാത്രം സദാ ശ്രമിച്ചിരുന്നു. പക്ഷെ, ഈ മഹത്തുക്കൾ ശത്രുക്കളോടും സഹാനുഭൂതി പുലർത്തുകയും അവരെ ആത്മാർത്ഥമായി സ്നേഹിക്കുകയും ചെയ്തിരുന്നു. മാത്രമല്ല, അവരുടെ അടുത്തവരെക്കാൾ കൂടുതൽ അവർ ശത്രുക്കളെ സ്നേഹിക്കുകയും പരിഗണിക്കുകയും ചെയ്തിരുന്നു. തദ്ഫലമായി ചില ബുദ്ധിയും വിശ്വാസവും കുറഞ്ഞവർ, ഈ മഹാന്മാരെ സ്നേഹിക്കുന്നത് കൊണ്ട് ലാഭം കുറവാണെന്നും ഇവരോട് ശത്രുത കാണിച്ചാൽ ഇവരുടെ സ്നേഹാദരങ്ങൾ കൂടുതൽ ലഭിക്കുമെന്നും തെറ്റിദ്ധരിച്ച് അവരെ ദ്രോഹിച്ചിരുന്നു.!

ഈ മഹാന്മാർ അവർക്കും അവരുടെ ആളുകൾക്കും വേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം ശത്രുക്കൾക്ക് വേണ്ടിയും പടച്ചവനോട് പ്രാർത്ഥിച്ചിരുന്നു. ഒരു മഹാൻ പുലർക്കാലത്ത് നടത്തിയിരുന്ന പ്രാർത്ഥനാ വചനങ്ങൾ ഇപ്രകാരമാണ്. പടച്ചവനേ, എന്റെ വഴിയിൽ മുള്ളുകൾ വിതറുന്നവരുടെ ജീവിതത്തിന്റെ പൂന്തോട്ടത്തിൽ പുഷ്പങ്ങൾ വിടർത്തേണമേ.! അവരുടെ ആയുസ്സിന്റെ പൂവനത്തിൽ പുഷ്പിക്കുന്ന പുഷ്പങ്ങളെ സദാ നിലനിർത്തേണമേ.! പടച്ചവനേ, ഞങ്ങളോട് ശത്രുത കാണിക്കുന്നവരെ നീ നന്നാക്കുകയും നിന്റെ ഇഷ്ട ദാസന്മാരാക്കുകയും ചെയ്യേണമേ.! ഇതെന്തൊരു സ്വഭാവമാണ്.? പാതിരാവിന്റെ കൂരിരുട്ടിൽ പടച്ചവനോട് സ്വകാര്യം പറയുമ്പോൾ ശത്രുക്കളെ സ്നേഹത്തോടെ സ്മരിക്കുന്നത് എത്ര വലിയ മനുഷ്യത്വമാണ്.! അതെ, ഇതിലൂടെ മനുഷ്യത്വം പരക്കുകയും ജനങ്ങളെല്ലാം ഇവരെ സ്നേഹിക്കുകയും ഇവരുടെ മുന്നിൽ മനസ്സുകൾ താഴ്ത്തുകയും അനുസരിക്കുകയും ചെയ്തു.

### തലയെയല്ല, മനസ്സിനെയാണ് കീഴടക്കേണ്ടത്.!

ഭൗതിക ഭരണാധികാരികൾ പല രാജ്യങ്ങളും പിടിച്ചടക്കി. ധാരാളം ജനങ്ങളെ കീഴടക്കി. അവരുടെ മുന്നിൽ ജനങ്ങൾ തല കുനിച്ചു. പക്ഷെ, ജന മനസ്സുകളെ കീഴടക്കുന്നതിൽ അവർക്ക്

വിജയിക്കാൻ കഴിഞ്ഞില്ല. പഴയ കാലഘട്ടം രാജാക്കന്മാരുടേതായി രുന്നു. അക്രമികളായ ഒരു രാജാവിനെയും ആത്മാർത്ഥമായി ആരും സ്നേഹിച്ചിരുന്നില്ല. ഇന്ന് തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിന്റെയും ജനാധിപത്യത്തിന്റെയും രാഷ്ട്രീയ പാർട്ടികളുടെയും നേതാക്കന്മാരുടെയും കാലഘട്ടമാണ്. പാർട്ടികളും നേതാക്കളും കൂടിക്കൊണ്ടിരിക്കുന്നു. പക്ഷെ, എല്ലാം കച്ചവടമായി മാറി. ഇങ്ങോട്ട് സഹായിക്കുന്നവരെ അങ്ങോട്ടും സഹായിക്കും എന്ന് മുദ്രാവാക്യമായി മാറി. ഞങ്ങൾക്ക് വോട്ട് തന്നാൽ നിങ്ങളുടെ എന്ത് കാര്യവും നടത്തിത്തരാമെന്ന് പരസ്യമായ പ്രഖ്യാപനങ്ങൾ നടക്കുന്നു. തദ്ഫലമായി രാജ്യവും ഭരണവും കൂടുതൽ അപകടത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. ആർക്കും ആരെയും യാതൊരു വിശ്വാസവുമില്ല. ആത്മാർത്ഥ സ്നേഹം നഷ്ടപ്പെട്ടു. നിസ്സാര കാരണങ്ങൾക്ക് ബന്ധം ചേർക്കുകയും മുറിക്കുകയും ചെയ്യുന്നു.

എന്നാൽ മാനവിക ഗുണം നിറഞ്ഞ മഹത്തുക്കളിലേക്ക് നോക്കുക. അവർ ജനങ്ങളെ ആത്മാർത്ഥമായി സ്നേഹിക്കുകയും സേവിക്കുകയും ജനങ്ങളുടെ നന്മയ്ക്ക് വേണ്ടി പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്തു. ജനങ്ങളും അവരെ അതിയായി സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തു. മഹാന്മാരുടെ സംഭവങ്ങൾ വായിച്ച് നോക്കിയാൽ ഈ വിഷയത്തിൽ അത്ഭുതകരമായ ഉദാഹരണങ്ങൾ കാണാൻ സാധിക്കും.

### ആത്മാർത്ഥതയുടെ സ്ഥാനം മസ്തിഷ്കമല്ല, മനസ്സാണ്.!

ഇന്ന് മനുഷ്യൻ മസ്തിഷ്കത്തിന് കൂടുതൽ സ്ഥാനം കൊടുത്തു. മനസ്സിനെ അലങ്കരിക്കാൻ മറന്നുപോയി. സ്വാർത്ഥതയും ദുരുദ്ദേശങ്ങളും പെരുകി. ജീവിതം കച്ചവടമാക്കി മാറ്റി. ഞങ്ങൾക്ക് അത് തന്നാൽ നിങ്ങൾക്ക് ഇത് തരാം എന്നതാണ് എല്ലാവരുടെയും ഏക മന്ത്രം. നിഷ്കളങ്കതയും ഉദ്ദേശ ശുദ്ധിയും ഇല്ലാതായി. ഉദ്ദേശ ശുദ്ധി മനസ്സുമായി ബന്ധപ്പെട്ടതാണ്. മനസ്സിനെ കുറിച്ച് നമുക്ക് ചിന്തയേയില്ല. എല്ലാ കാര്യങ്ങളും തലയിൽ മാത്രം ഉരുണ്ടുകൊണ്ടിരിക്കുന്നു. അറിയുക, ആത്മാർത്ഥതയുടെ സ്ഥാനം മസ്തിഷ്കമല്ല, മനസ്സും ആത്മാവുമാണ് ആത്മാർത്ഥതയുടെ സ്ഥാനം. സ്വാർത്ഥതയുടെ കൊടുങ്കാറ്റിൽ മനസ്സ് അണഞ്ഞ് പോയി. അതിനെ ഊതിക്കത്തിക്കുന്ന മഹാന്മാരും യാത്രയായി. കവി പറഞ്ഞത് പോലെ: മനസ്സിന്റെ മരുന്ന് നൽകിയിരുന്ന മഹാത്മാക്കൾ കടയടച്ച്

യാത്രയായി.! മാനവ സ്നേഹികളായ മഹത്തുക്കൾ ആരുടെയും ഉപകാരവും സഹായവും ആഗ്രഹിക്കാതെ ജനങ്ങളെ സേവിച്ചിരുന്നു. അവരുടെ അരികിൽ വരുന്ന ഓരോരുത്തരെയും നല്ലൊരു അവസരമായി കണ്ട് അവരുടെ മനസ്സുകൾ മനുഷ്യത്വത്തിന്റെ വിളക്ക് കത്തിയ്ക്കുമായിരുന്നു. അവരുടെ സഞ്ചി നിറയെ മാനവികതയുടെ ചരക്കുകളായിരുന്നു. വരുന്നവർക്കും കാണുന്നവർക്കും അവർ അത് പെറുക്കിക്കൊടുത്തിരുന്നു.

**മാനവികതയാണ് യഥാർത്ഥ മഹത്വം.!**

നമ്മുടെ ഈ മഹാ രാജ്യം വളരെ വിശാലമായ ഒരു ഭൂമിയാണ്. ഇവിടെ കോടിക്കണക്കിന് ജനങ്ങൾ അതിവസിക്കുന്നു. നമുക്ക് ആവശ്യമുള്ളതെല്ലാം ഇവിടെ തന്നെയുണ്ട്. മാത്രമല്ല, പുറത്തുള്ളവർക്കും അന്നം കൊടുക്കാനുള്ള ശേഷി പടച്ചവൻ ഈ മണ്ണിൽ നിക്ഷേപിച്ചിട്ടുണ്ട്. ലോകത്തെ തന്നെ നയിക്കാൻ സാധ്യതയുള്ള ഒരു രാജ്യമാണിത്. പക്ഷെ, ഇതിനെല്ലാം മാനവികത അടിസ്ഥാന നിബന്ധനയാണ്. നാം പരസ്പരം സ്നേഹിക്കുകയും വിശ്വസിക്കുകയും സാഹോദര്യത്തോടെ വർത്തിക്കുകയും ചെയ്താൽ മാത്രമേ ഇത് സാധിക്കുകയുള്ളൂ. പടച്ചവന്റെ അനുഗ്രഹത്താൽ ഈ ഗുണം ഇന്ന് വ്യക്തികളിലും ചെറിയ കൂട്ടങ്ങളിലും പ്രദേശങ്ങളിലുമുണ്ടെങ്കിലും രാജ്യത്ത് പൊതുവിലില്ല എന്നത് ഒരു ദുഃഖ സത്യമാണ്. ഓഫീസുകളിൽ ഇരിക്കുന്നവരിലേക്ക് നോക്കൂ, അവർക്കിടയിൽ മാനവികതയുടെ ഗുണമുള്ളവർ ഉണ്ടെങ്കിലും പലരിൽ നിന്നും മനുഷ്യത്വരഹിതമായ പെരുമാറ്റങ്ങളാണ് ഉണ്ടാകുന്നത്. ഒരു കാലത്ത് നമ്മുടെ കടയിലേക്കും സ്ഥാപനത്തിലേക്കും ഓഫീസിലേക്കും വരുന്നവരെ കാണുമ്പോൾ എഴുന്നേറ്റ് പോയി സ്വീകരിച്ച് ഇപ്രകാരം ആത്മാർത്ഥമായി പറഞ്ഞിരുന്നു: നിങ്ങൾ കാരുണ്യത്തിന്റെ മാലാഖയാണ്, എന്നിലേക്ക് പടച്ചവൻ നിങ്ങളെ അയച്ചതാണ്, ഞാൻ നിങ്ങളെ കാത്തിരിക്കുകയായിരുന്നു, നിങ്ങൾക്ക് വേണ്ടിയാണ് ഞാൻ ശമ്പളം വാങ്ങിക്കുന്നത്, നിങ്ങളെന്നെ പ്രയോജനപ്പെടുത്താൻ വേണ്ടിയാണ് ഞാൻ പാഠശാലകളിൽ പഠിച്ച് ഇവിടെ വരെയെത്തിയത്, ആകയാൽ താങ്കളുടെ ആവശ്യം പറയുക, ഞാൻ ചെയ്ത് തരാം.!

**ഇന്ന് പണസ്നേഹവും വർഗ്ഗീയതയും മാത്രം.!**

എന്നാൽ ഇന്നത്തെ അവസ്ഥ എന്താണ്.? ഓഫീസിലേക്ക് ആരെങ്കിലും വന്നാൽ അവരെ ഒരു ഇരയെ പോലെയാണ് കാണുന്നത്. തടിച്ചുകൊഴുത്ത ഇരയെ കിട്ടി എന്ന ഭാവനയോടെയാണ് പലരും ഉപഭോക്താക്കളോട് വർത്തിക്കുന്നത്. സത്യം പറയട്ടെ, ഇന്ന് മാനവികതയുടെ ഗുണങ്ങൾ കുറഞ്ഞുപോയി. എന്നാൽ രണ്ട് കാര്യങ്ങൾ സജീവമായിക്കൊണ്ടിരിക്കുന്നു. ഒന്ന്, പണത്തോടുള്ള സ്നേഹവും ആരാധനയും. രണ്ട്, വർഗ്ഗീയ വാദവും പരസ്പര വിദ്വേഷവും. സൽസ്വഭാവം, മാന്യത, സേവന താൽപര്യം, സഹാനഭൂതി ഇതെല്ലാം മരിച്ചുകൊണ്ടിരിക്കുന്നു. ഇത് ഈ രാജ്യത്തിന് ഗുണകരമായ ചിത്രമല്ല.

**മാനവികത മുറുകെ പിടിക്കുക, അക്രമം വർജ്ജിക്കുക.!**

സഹോദരങ്ങളേ, നിങ്ങളോട് മനസ്സ് തുറന്ന് ചില കാര്യങ്ങൾ പറഞ്ഞതാണ്. ഇത് ആരെയും കുറ്റപ്പെടുത്താനോ നിരാശപ്പെടുത്താനോ അല്ല. നമ്മുടെയും നമ്മുടെ രാജ്യത്തിന്റെയും നന്മയെ കരുതി മാത്രമാണ് ഇക്കാര്യങ്ങൾ പറഞ്ഞത്. ആകയാൽ നമ്മുടെയും നമ്മുടെ രാജ്യത്തിന്റെയും നന്മയെ ലക്ഷ്യമിട്ട് മുൻഗാമികളുടെ ഉത്തമ മാർഗ്ഗത്തിലേക്ക് നാം മടങ്ങുക. മാനവികതയുടെ മഹൽ ഗുണങ്ങൾ ഉണ്ടാക്കിയെടുക്കുക. മനുഷ്യത്വ രഹിതമായ മുഴുവൻ ദുർഗുണങ്ങളും വർജ്ജിക്കുക. പ്രത്യേകിച്ചും പണത്തിന് വേണ്ടിയും വർഗ്ഗീയതയുടെ പേരിലും അക്രമങ്ങൾ കാട്ടാതിരിക്കുക. അക്രമം ആരോട് ചെയ്താലും അക്രമം തന്നെയാണ്. അക്രമത്തിലൂടെ അക്രമിയും അയാളെ അനുകൂലിക്കുന്നവരും ഒരിക്കലും വളരുന്നതല്ല. മറിച്ച് താഴുകയും തകരുകയും ചെയ്യുന്നതാണ്.

അക്രമങ്ങളിൽ നിന്നും അകന്ന് നിൽക്കുകയും അക്രമികളുടെ കൈയ്യിൽ പിടിക്കുകയും ചെയ്യുക. നാമെല്ലാവരും ഒത്തൊരുമിച്ച് യാത്ര ചെയ്യുന്ന മഹത്തായ കപ്പലാണ് ഈ മഹാ രാജ്യം. അക്രമത്തിലൂടെ ഈ കപ്പലിന് ദ്വാരം വീഴുന്നതാണ്. കപ്പൽ മുങ്ങിയാൽ നാമെല്ലാവരും മുങ്ങുമെന്നോർക്കുക. നമ്മുടെ പള്ളികളും പള്ളിക്കൂടങ്ങളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും പരസ്പര മത്സരങ്ങളും എല്ലാം ഒരു പോലെ മുങ്ങി നശിക്കുന്നതാണ്. ലോക ചരിത്രത്തിലേക്ക് നോക്കുക. അക്രമങ്ങൾ കാരണം, ധാരാളം രാജ്യങ്ങൾ തകർന്നു.

അവരുടെ കപ്പലുകൾ സമുദ്രത്തിന്റെ അടിത്തട്ടിൽ കിടക്കുകയാണ്. അവരെ ആരാണ് മുക്കിക്കൊന്നത് എന്ന് ശാന്തമായി ചിന്തിക്കുക. സത്യം പറയട്ടെ, ഒരു ശത്രുവും അവരെ മുക്കിയിട്ടില്ല. അവരുടെ ദുഷ്കർമ്മങ്ങളും പാപങ്ങളും വിശിഷ്യാ, അക്രമങ്ങളും ദ്രോഹങ്ങളുമാണ് അവരെ മുക്കിക്കൊന്നത്. എല്ലാ മതങ്ങളും പറയുന്നു: പടച്ചവന് അല്പവും ഇഷ്ടമില്ലാത്ത പാപമാണ് അക്രമം. ആകയാൽ സകല വിധ അക്രമങ്ങളും വർജ്ജിക്കുകയും മറ്റുള്ളവരെ അതിൽ നിന്നും തടയുകയും ചെയ്യുക. മഹത്തുക്കളുടെ മാർഗ്ഗമായ മാനവികതയിലേക്കും പരസ്പര സ്നേഹാദര - വിശ്വാസ - സഹകരണ - സഹാനുഭൂതികളിലേക്കും മടങ്ങുക. പടച്ചവൻ അനുഗ്രഹിക്കട്ടെ.!